സർവ്വശിക്ഷാ അഭിയാൻ പദ്ധതിക്കുവേണ്ടി ബ്ലോക്ക് പ്രോഗ്രാം ഓഫീസർമാരുടെ നിയമനം

85 (3644) ശ്രീ. എം. വി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർവ്വശിക്ഷാ അഭിയാൻ പദ്ധതിക്കുവേണ്ടി ബ്ലോക്ക് പ്രോഗ്രാം ഓഫീസർമാരെ നിയമിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ അപ്രകാരം എത്രപേരെ നിയമിച്ചിട്ടുണ്ടെന്ന് ജില്ല തിരിച്ചും അവരുടെ യോഗ്യത എന്തൊക്കെയാണെന്നും വിശദമാക്കാമോ ;

(സി) പ്രസ്തുത നിയമനത്തിന് എന്തെങ്കിലും മാനദണ്ഡം നിശ്ചയിച്ചിട്ടുണ്ടോ ;

(ഡി) എങ്കിൽ പ്രസ്തുത മാനദണ്ഡത്തിന്റെ കോപ്പി ലഭ്യമാക്കുമോ ;

(ഇ) പ്രസ്തുത നിയമനത്തിന് ഇന്റർവ്യൂ നടത്തിയിട്ടുണ്ടോ ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ ;

(എഫ്) പ്രസ്തുത നിയമനത്തിൽ സംവരണതത്വം പാലിച്ചിട്ടുണ്ടോ ;

(ജി) ഇല്ലെങ്കിൽ എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ ;

(എച്ച്) സർക്കാർ നിയമനമായതിനാൽ സംവരണ തത്വം പാലിക്കാൻ സർക്കാരിനു ബാദ്ധ്യതയുണ്ടോയെന്ന് വ്യക്തമാക്കുമോ ;

(ഐ) സംസ്ഥാനത്തെ എല്ലാ ബ്ലോക്കുകളിലേക്കും വേണ്ട ഉദ്യോഗസ്ഥരുടെ നിയമനം നടന്നിട്ടുണ്ടോ ;

(ജെ) ഇല്ലെങ്കിൽ ഇനി നടക്കാനുള്ളത് എവിടെയൊക്കെയാണെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ആകെ 134 പേരെ നിയമിച്ചിട്ടുണ്ട്. ജില്ല തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു :

ക്രമ നമ്പർ	ജില്ല	ആകെ	എച്ച്.എം.	എച്ച്.എസ്.എ.
(1)	(2)	(3)	(4)	(5)
1.	തിരുവനന്തപുരം	12	4	8
2.	കൊല്ലം	12	6	6
3.	ആലപ്പുഴ	8	5	3
4.	പത്തനംതിട്ട	10	7	3
5.	കോട്ടയം	10	5	5
6.	ഇടുക്കി	5	2	3

LIBRARY ARCHIVES Kerala Legislative Assembly

(1)	(2)	(3)	(4)	(5)
7.	എറണാകുളം	5	3	2
8.	തൃശ്ശൂർ	6	4	2
9.	കോഴിക്കോട്	20	12	8
10.	വയനാട്	3	1	2
11.	കണ്ണൂർ	16	9	7
12.	പാലക്കാട്	9	6	3
13.	കാസർഗോഡ്	7	1	6
14.	മലപ്പുറം	11	7	4

(സി) ഉണ്ട്.

(ഡി) സർക്കാർ ഉത്തരവിന്റെ കോപ്പി അനുബന്ധം 1 ആയി ചേർത്തിരിക്കുന്നു*.

(ഇ) ഉണ്ട്. പൊതുവിദ്യാഭ്യാസ സെക്രട്ടറിയോ/അദ്ദേഹത്തിന്റെ നോമിനിയോ/സ്റ്റേറ്റ് പ്രോജക്ട് ഡയറക്ടർ/അദ്ദേഹത്തിന്റെ നോമിനി, പൊതുവിദ്യാഭ്യാസ ഡയറക്ടർ/അദ്ദേഹത്തിന്റെ നോമിനി, എസ്.സി.ഇ., ആർ.ടി. ഡയറക്ടർ എന്നിവർ ചേർന്ന തെരഞ്ഞെടുപ്പു സമിതിയാണ് തെരഞ്ഞെടുപ്പ് നടത്തിയിട്ടുള്ളത്.

(എഫ്) ഇല്ല.

(ജി&എച്ച്) സംവരണ തത്വത്തിൽ പൊതുവിദ്യാഭ്യാസ വകുപ്പിൽ നിയമിക്കപ്പെട്ട അദ്ധ്യാപകരിൽ നിന്നുമാണ് സർവ്വശിക്ഷാ അഭിയാൻ പദ്ധതി നടത്തിപ്പിനാവശ്യമായ അദ്ധ്യാപകരെ വർക്കിംഗ് അറേഞ്ച്മെന്റ് വ്യവസ്ഥയിൽ നിയമിക്കുന്നത്.

(ഐ) ഇല്ല.

(ജെ) അനുബന്ധം 11 ആയി ചേർത്തിരിക്കുന്നു*.

ഡി.പി.ഇ.പി.-യുടെ കീഴിലുള്ള സ്കൂളുകളിൽ നിയമനം നടത്താൻ നടപടി

86 (3645) ശ്രീ. കളത്തിൽ അബ്ദുള്ള :
ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി :
ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് :
ശ്രീ. സി. മമ്മൂട്ടി :
ശ്രീ. പി. കെ. അബ്ദുറബ്ബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഡി.പി.ഇ.പി.-യുടെ കീഴിലുള്ള സ്കൂളുകളിൽ ഡി.പി.ഇ.പി. നിർത്തലാക്കിയതോടുകൂടി അദ്ധ്യാപകരെ നിയമിച്ചിട്ടില്ല എന്നത് കാരണം അദ്ധ്യയനം മുടങ്ങുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

* ലൈബ്രറിയിൽവച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly